

ആധാർ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പത്തനാപുരത്ത് മന്ത്രി കെ.ബി. ഗണേഷ്കുമാർ നിർവഹിക്കുന്നു. കലക്ടർ പി.ജി. തോമസ് സമീപം.

# ആധാർ പദ്ധതിക്ക് ജില്ലയിൽ തുടക്കം

പത്തനാപുരം: സർക്കാരും ഐടി മിഷനും ചേർന്നു നടപ്പാക്കുന്ന ആധാർ പദ്ധതിക്കു ജില്ലയിൽ തുടക്കമായി. പത്തനാപുരത്ത് നടന്ന ചടങ്ങിൽ മന്ത്രി കെ.ബി. ഗണേഷ്കുമാർ പദ്ധതി ഉദ്ഘാടനം ചെയ്തു. പദ്ധതി നടപ്പാകുന്നതോടെ സമൂഹത്തിൽ നടക്കുന്ന വെട്ടിപ്പുകൾ തടയാൻ കഴിയുമെന്നും ഇതിനാൽ ജനങ്ങൾ പൂർണമായി സഹകരിക്കണമെന്നും മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ. ഗോപാലകൃഷ്ണപിള്ള അധ്യക്ഷത വഹിച്ചു. കലക്ടർ പി.ജി. തോമസ്, ജില്ലാ പ്ലാനിങ് ഓഫിസർ പി.ബി. കമലാസനൻ നായർ, അക്ഷയ ഡയറക്ടർ കോരത്ത് വി. മാത്യു, ആശാ ശശിധരൻ, ലതാ സി. നായർ, ഫാത്തിമാ ഖാൻ, എൻ. സുധാകരൻ, കെ. ജോസ്, ബി. സുജാത, സുലതാ രാജീവൻ, ശശികലാ മോഹൻ, ആർ. രാജിമോൻ, രാജമ്മ ലാലി, ആർ. വിക്രമൻ പിള്ള എന്നിവർ പ്രസംഗിച്ചു.

കലക്ടർക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾക്കും മന്ത്രി കെ.ബി. ഗണേഷ്കുമാർ ആധാർ എൻറോൾമെന്റ് വിതരണം ചെയ്തു. തുടർ ദിവസങ്ങളിൽ ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ വഴി ആധാർ റജിസ്ട്രേഷനുകൾ ആരംഭിക്കുമെന്നു ബന്ധപ്പെട്ടവർ അറിയിച്ചു.